# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 181 04.06.2018-ൽ മറുപടിക്ക്**

## കസ്റ്റഡിയിൽ മരിച്ചയാളുടെ കുടുംബത്തിന് ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. വി. ടി. ബൽറാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ മരിച്ച ശ്രീജിത്തിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) സർക്കാർ നൽകുന്ന തുക ശ്രീജിത്തിന്റെ മരണത്തിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | 04.05.2018-ലെ സ.ഉ.(കൈ) നം. 169/2018/റവ ഉത്തരവ് പ്രകാരം പോലീസ് കസ്റ്റഡിയിൽ മരണമടഞ്ഞ ശ്രീജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,00,000/-(പത്ത് ലക്ഷം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ധനസഹായമായി നൽകുന്ന പത്ത് ലക്ഷം രൂപ മരണത്തിനുത്തരവാദികളായ പോലീസുദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) പ്രതികളായ പോലീസുകാർ കുറ്റക്കാരാണെന്ന് കോടതി വിധിക്കുന്നതിന് മുൻപ് ഈ തുക അവരിൽ നിന്നും ഈടാക്കുവാൻ സാധിക്കുമോ;<br><br>(ഡി) സർക്കാർ അനുവദിക്കുന്ന തുക പ്രതികളിൽ നിന്നും തുല്യ തോതിൽ പിരിച്ചെടുക്കുവാനാണോ തീരുമാനം; എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | വകുപ്പുതല അച്ചടക്ക നടപടിയുടെയും / കോടതി വിധിയുടെയും അടിസ്ഥാനത്തിൽ മാത്രമേ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ. |

| | |
|---|---|
| (ഇ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കസ്റ്റഡി മരണത്തിന് കാരണക്കാരെന്ന് കോടതി കണ്ടെത്തിയ പോലീസുകാരിൽ നിന്നും നഷ്ടപരിഹാര തുക ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഇ) ഇല്ല. |

**സെക്ഷൻ ഓഫീസർ**